ടി.എസ്.ആർ. സുബ്രഹ്മണ്യം സമിതി റിപ്പോർട്ടിലെ ശിപാർശകൾ

14 (*164) ശ്രീ. ബി. സത്യൻ :
ശ്രീ. എളമരം കരീം :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതികൾക്ക് പരിസ്ഥിതി അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ടി.എസ്.ആർ. സുബ്രഹ്മണ്യം സമിതി റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രധാന ശിപാർശകളിന്മേലുള്ള സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; ഏതെല്ലാം ശിപാർശകളോടാണ് സർക്കാർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് ;

(സി) പുതിയ ശിപാർശകൾ നിലവിൽ വരുന്നതോടെ സംസ്ഥാനങ്ങളുടെ അധികാരങ്ങൾ ഇല്ലാതാകുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം സംഗതികളിലെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പരിസ്ഥിതി അനുമതിയുമായി ബന്ധപ്പെട്ട ശിപാർശകളെ സംബന്ധിച്ച സർക്കാർ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) വിശദമായ പരിശോധനയ്ക്കുശേഷമേ ഇക്കാര്യത്തിൽ സർക്കാർ നിലപാട് കൈക്കൊള്ളാൻ സാധ്യമാവുകയുള്ളൂ.

വിചാരണ തടവുകാർ

15 (*165) ശ്രീ. കെ രാധാകൃഷ്ണൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിചാരണ തടവുകാർ ജയിലുകളിൽ ഭീകരമർദ്ദനത്തിനിരയാകുന്നതും കൊലചെയ്യപ്പെടുന്നതുമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly